പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1546 — 02.07.2015 ലെ മറുപടിയ്ക്ക്

## കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ബാബു എം. പാലിശ്ശേരി | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ശക്തമായ മഴയിലും കാറ്റിലുംപെട്ട് എത്ര കോടി രൂപയുടെ കൃഷിനാശം സംസ്ഥാനത്തൊട്ടാകെ ഉണ്ടായിട്ടുണ്ട് ; | (എ) | ശക്തമായ കാറ്റിലും മഴയിലും സംസ്ഥാനത്തൊട്ടാകെ നടപ്പ് വർഷം 64,28,94,439/- രൂപയുടെ കൃഷിനാശം ഉണ്ടായതായി പ്രാഥമിക റിപ്പോർട്ട് പ്രകാരം കണക്കാക്കുന്നു. |
| (ബി) ഇതിൽ ,നെൽകൃഷി, നേന്ത്രവാഴകൃഷി, പച്ചക്കറികൃഷി ഇവ ഓരോന്നിന്റെയും നാശനഷ്ടം പ്രത്യേകം വ്യക്തമാക്കുമോ ; | (ബി) | നേന്ത്രവാഴക്കൃഷിയിൽ 28,06,42,640/- രൂപയുടെയും നെൽകൃഷിയിൽ 3,13,55,000/- രൂപയുടെയും പച്ചക്കറി കൃഷിയിൽ 2,95,86,000/- രൂപയുടെയും പ്രാഥമിക നാശനഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ട്. |
| (സി) കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായം അനുവദിക്കുന്നതിന് കൃഷി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ ;<br><br>(ഡി) എങ്കിൽ പ്രസ്തുത നടപടിയുടെ വിശദാംശം വ്യക്തമാക്കുമോ ? | (സി) & (ഡി) | ഉണ്ട്. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് റവന്യൂ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്നാണ് ധനസഹായം നൽകുന്നത്.കൃഷിനാശം സംഭവിച്ച കർഷകരിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷ 10 ദിവസത്തിനകം കൃഷിഭവനിൽ സ്വീകരിക്കുകയും സമയബന്ധിതമായി ഫീൽഡ് പരിശോധന നടത്തി കൃഷിനാശം തിട്ടപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ആയത് പ്രകാരം തയ്യാറാക്കുന്ന ക്ലെയിം പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേന ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്നു. പ്രസ്തുത ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം നൽകാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ